milma

കേരളകോ-ഓപ്പറേറ്റീവ്മിൽക്ക്മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡ്
കാലിത്തീറ്റ ഫാക്ടറി, പട്ടണക്കാട് പി ഒ, ആലപ്പുഴ - 688 531
ടെലിഫോൺ:0478- 2831144, Email: cfp@milma.com, Website: www.milma.com

സി.എഫ്.പി.റ്റി/പി&എ/218/2024

07.02.2024

# ക്വട്ടേഷൻ നോട്ടീസ്

കേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന്റെ (മിൽമ) കീഴിലുള്ള പട്ടണക്കാട് കാലിത്തീറ്റ ഫാക്ടറിയിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി ഓടുന്നതിന് ഇൻഡിഗോ/സിഫ്റ്റ് ഡിസയർ/ടയോട്ട എത്തിയോസ്, സെഡാൻ അല്ലെങ്കിൽ മറ്റു സമാന ഇനത്തിൽപ്പെട്ടതും ടൂറിസ്റ്റ് ടാക്സി പെർമിറ്റുള്ളതും, മോഡൽ 2017 നോ അതിനു ശേഷമോ ആയതും സഞ്ചാര യോഗ്യമായതുമായ ഒരു കാർ/സമാന വാഹനം കരാറടിസ്ഥാനത്തിൽ വാടകയ്ക്ക് ലഭ്യമാക്കുന്നതിലേക്കായി താൽപര്യമുള്ള വാഹന ഉടമകളിൽ നിന്നും വ്യവസ്ഥകൾക്ക് വിധേയമായി ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. കരാർ കാലാവധി ഒരു വർഷത്തേക്കായിരിക്കും. ക്വട്ടേഷൻ വിശദാംശങ്ങളും വ്യവസ്ഥകളും അടങ്ങിയ ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അപേക്ഷാ ഫോറം ഫാക്ടറിയിൽ നിന്ന് ലഭിക്കുന്നതാണ്. അതിൻപ്രകാരം ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അപേക്ഷാഫോറം കമ്പനിയിൽ നിന്നും **05.03.2024 ന് ഉച്ചയ്ക്ക് 02.00മണിവരെ** കൈപ്പറ്റാവുന്നതാണ്.

ക്വട്ടേഷനിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി 2500 രൂപ ഈ ഓഫീസിൽ അടച്ച് ആയതിന്റെ രസീത് ക്വട്ടേഷനോടൊപ്പം അടക്കം ചെയ്തിരിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷാഫോറം, നിരതദ്രവ്യമൊടുക്കിയ രസീത്, വാഹനത്തിന്റെ ആർ.സി. ബുക്കിന്റെ ഒരു ഫോട്ടോസ്റ്റാറ്റ് കോപ്പി എന്നിവ അടങ്ങിയ ക്വട്ടേഷനുകൾ സീൽചെയ്ത കവറിൽ സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ **06.03.2024 ഉച്ചകഴിഞ്ഞ് 03.00 മണിവരെ** സ്വീകരിക്കുന്നതും അന്നേദിവസം 03.30 മണിയ്ക്ക് ക്വട്ടേഷൻ തുറക്കുന്നതുമായിരിക്കും. കവറിന് പുറത്ത് **Quotation for Office Vehicle** എന്നും സമർപ്പിക്കുന്ന ആളിന്റെ അഡ്രസ്സും രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. കൂടാതെ അപേക്ഷയിൽ യാതൊരുവിധ തിരുത്തലുകളും അനുവദിക്കുന്നതല്ല. അങ്ങനെയുള്ള അപേക്ഷകൾ നിരസിക്കുന്നതായിരിക്കും.

മാനേജർ

To,

1. Notice Boards of Panchayath office/Municipality (Pattanakkad/Thuravoor/Cherthala)
2. Notice Board of CDS Office, Kudumbasree, Pattanakkad
3. Notice Boards of the Factory
4. The Manager, Central Products Dairy, Punnapra, Alappuzha

## ഓഫീസ് വാഹനം വാടകയ്ക്ക് ഓടുന്നതിനുള്ള ക്വട്ടേഷൻ നമ്പർ CFPT/P&A/219/2024 Dated 07.02.2024

## വ്യവസ്ഥകൾ

1) കാർ സ്വന്തം ഉടമസ്ഥതയിലുള്ളതും, വാഹനം ടൂറിസ്റ്റ് ടാക്സി പെർമിറ്റ് A/C ഇവ ഉള്ളതും ഇൻഡിഗോ/സിഫ്റ്റ് ഡിസയർ/ടയോട്ട എത്തിയോസ്, സെഡാൻ അല്ലെങ്കിൽ മറ്റു സമാന ഇനത്തിൽപെട്ടതും സഞ്ചാരയോഗ്യമായതും 2017 മോഡലോ അതിനുശേഷമോ ഉള്ള മോഡലായിരിക്കണം.

2) ഫാക്ടറിയിലെ ഉദ്യോഗസ്ഥരുടെ ഔദ്യോഗിക യാത്രകൾക്കും സ്റ്റേഷനറി സ്പെയർ പാർട്സുകൾ തുടങ്ങിയവ വാങ്ങിക്കൊണ്ടു വരുന്നതിനും പാഴ്സൽ ആഫീസിൽനിന്നും ചെറിയ പാഴ്സലുകൾ എടുത്തുകൊണ്ടുവരുന്നതിനും വാഹനം ഉപയോഗിക്കുന്നതാണ്.

3) വാഹനത്തിന് നിയമപരമായി ആവശ്യമുള്ള ടാക്സുകൾ അടച്ചിരിക്കേണ്ടതും ആയതിൻെറ രേഖകൾ (ആർ.സി.ബുക്ക്, കോംപ്രിഹെൻസീവ് ഇൻഷുറൻസ് പോളിസി ഡോക്മെൻറ്). വാഹനത്തിൻെറ ടാക്സി പെർമിറ്റ്, പൊല്യൂഷൻ സർട്ടിഫിക്കറ്റ്, ഫാസ്ടാഗ് തുടങ്ങിയവയുടെ കോപ്പികൾ ക്വട്ടേഷനോടൊപ്പം അടക്കം ചെയതിരിക്കേണ്ടതാണ്. ടി രേഖകൾ ഇല്ലാതെ നൽകുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

4) വാഹനത്തോടൊപ്പം ഡ്രൈവറുടെ സേവനവും വാഹനത്തിൻെറ ഉടമസ്ഥൻ ലഭ്യമാക്കിയിരിക്കേണ്ടതാണ്. അപ്രകാരം നിയോഗിക്കുന്ന ഡ്രൈവർക്ക് നിയമാനുസ്രുതമായ ഡൈവിംഗ് ലൈസൻസ് ഉണ്ടായിരിക്കേണ്ടതും അത് വാഹന ഉടമസ്ഥൻ ഉറപ്പാക്കിയിരിക്കേണ്ടതും ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയിരിക്കേണ്ടതുമാണ്.

5) വാഹനം ഓടിക്കുന്നതിന് നിയോഗിക്കുന്ന ഡ്രൈവറുടെ വേതനം, ബാറ്റാ, മറ്റിതര അലവൻസുകൾ ഉൾപ്പടെ എല്ലാ ചെലവുകളും, കൂടാതെ ഇ.എസ്സ്.ഐ, പ്രോവിഡൻറ് ഫണ്ട് തുടങ്ങിയ നിയമപരമായ ബാദ്ധ്യതകളും ഉടമസ്ഥൻ വഹിച്ചിരിക്കേണ്ടതാണ്.

6) വാഹനത്തിന് കാലാകാലങ്ങളിൽ ഉണ്ടാകുന്ന എല്ലാവിധ റിപ്പയറിംഗ് ജോലികളും, മെയിൻറനൻസ് ജോലികളും സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും വാഹന ഉടമ ചെയ്യേണ്ടതാണ്.

7) ഏതെങ്കിലും കാരണവശാൽ ഏതെങ്കിലും ദിവസം കരാറുകാരന്റെ വാഹനം ലഭ്യമല്ലാതെ വന്നാൽ മറ്റൊരു വാഹനം ഇതേ നിരക്കിൽ ഏർപ്പാടു ചെയ്യേണ്ടതും ടി വാഹനത്തെക്കുറിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ മുൻകൂട്ടി അറിയിക്കേണ്ടതുമാണ്.

KCMMF LTD
PATTANAKKAD
688 531
CATTLE FEED PLANT

8) വാഹനം ഓടിക്കുന്നതിനാവശ്യമായ ഇന്ധനം (ഡീസൽ/പെട്രോൾ, ഇലക്ട്രിക് (ബാറ്ററി)) തുടങ്ങിയവ വാഹന ഉടമസ്ഥൻ സ്വന്തം ചെലവിൽ വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇലക്ട്രിക് (ബാറ്ററി) യാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു വർഷത്തേക്ക് താങ്കൾ രേഖപ്പെടുത്തുന്ന തുകയിൽ മാറ്റമുണ്ടായിരിക്കുന്നതല്ല.

9) ഇപ്പോൾ നൽകുന്ന കരാർ, കരാർ തീയതി മുതൽ ഒരു വർഷത്തേക്കായിരിക്കും. കരാർ കാലയളവിൽ ഫാക്ടറിയിലെ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ ഓട്ടത്തിനായി വാഹനവും ഡ്രൈവറും ഫാക്ടറിയിൽ ഉണ്ടായിരിക്കേണ്ടതാണ്. പ്രവർത്തി ദിവസങ്ങളിൽ ഫാക്ടറി ആവശ്യങ്ങൾക്കല്ലാതെ മറ്റാവശ്യങ്ങൾക്ക് വാഹനം ഉപയോഗിക്കുവാൻ പാടുള്ളതല്ല. ആവശ്യമുള്ളപക്ഷം അവധി ദിവസങ്ങളിലും വാഹനം ഓട്ടത്തിനായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പ്രവർത്തി ദിവസങ്ങളിൽ മേൽക്കാണിച്ച സമയത്തിനു മുൻപും സമയത്തിനു ശേഷവും കമ്പനി ആവശ്യത്തിന് വാഹനം വേണ്ടിവരുന്ന പക്ഷം ആയത് ലഭ്യമാക്കേണ്ടതുമാണ്.

10) കിലോമീറ്റർ ഒന്നിന് അംഗീകരിക്കുന്ന നിരക്കിൽ ഒരു മാസത്തിൽ ഓടുന്ന മൊത്തം കിലോമീറ്ററുകൾക്ക് ആനുപാതികമായ തുക പ്രതിഫലമായി ഫാക്ടറിയുടെ ഓഫീസിൽനിന്നും നൽകുന്നതാണ്. ഏറ്റവും കുറഞ്ഞത് 1500 കിലോമീറ്റർ ഓടുന്നതിനുള്ള തുക (ഓടിയാലും ഇല്ലെങ്കിലും) നൽകുന്നതായിരിക്കും.

11) മേൽപ്രകാരം മുൻകൂട്ടി അറിയിക്കാത്ത പക്ഷം അവധി ദിവസങ്ങളിൽ മറ്റ് ഓട്ടങ്ങൾക്ക് വാഹനം ഉപയോഗപ്പെടുത്താവുന്നതാണ്. ഇത് തീർത്തും കരാറുകാരന്റെ ഉത്തരവാദിത്വത്തിലായിരിക്കും

12) ഒരുമാസത്തെ മൊത്തം ഓട്ടത്തിനുള്ള വാടക തുക (നിയമാനുസൃതമുള്ള നികുതികൾ കഴിച്ച്) അടുത്ത മാസം അഞ്ചാം തീയതിക്കകം ഓഫീസിൽ നിന്നും നൽകുന്നതാണ്. വാടക തുക കൈപ്പറ്റുന്നതിന് അതാത് മാസം ഓടിയ കിലോമീറ്റർ രേഖപ്പെടുത്തി വാഹനത്തിൻെറ ചുമതലയുള്ള ഉദ്യോഗസ്ഥൻെറ സാക്ഷ്യപത്രത്തോടോപ്പം എല്ലാമാസവും 3-ം തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.

13) വാഹനം ഓരോ തവണയും ഓഫീസ് ആവശ്യത്തിനായി പ്ലാന്റിൽ നിന്നും പുറത്തേയ്ക്ക് പോകുമ്പോഴുള്ള കിലോമീറ്റർ റീഡിംഗും തിരികെ പ്ലാന്റിനകത്ത് പ്രവേശിക്കുമ്പോഴുള്ള കിലോമീറ്റർ റീഡിഗും വാഹനത്തിൽ യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥന്റെ ഒപ്പും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്ന കിലോമീറ്ററുകൾ കണക്കാക്കിയായിരിക്കും മാസവസാനം വാടക നൽകുന്നത്. കൂടാതെ സെക്യൂരിറ്റിയിൽ ഓരോ തവണ പോകുമ്പോഴും യാത്ര സംബന്ധിച്ച കി.മീ. സ്ഥലം, സഞ്ചരിക്കുന്ന ആൾ മുതലായ വിവരങ്ങൾ ധരിപ്പിക്കേണ്ടതാണ്.

14) മേൽ വ്യവസ്ഥകൾക്ക് വിധേയമായി വാഹനം ലഭ്യമാക്കി ഫാക്ടറി ആവശ്യങ്ങൾക്കായി ഓടുന്നതിന് കിലോമീറ്റർ ഒന്നിന് വാഹന ഉടമസ്ഥന് ലഭിക്കേണ്ട ഏറ്റവും കുറഞ്ഞ വാടക നിരക്കാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത് (With A/c). ക്വട്ടേഷനുകൾ ഇതോടൊപ്പമുള്ള ഫോറത്തിൽ പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. ഈ തുക നികുതികൾ, ഇ.എസ് ഐ, പി.എഫ്

KCMMF LTD
PATTANAKKAD
688 531
CATTLE FEED PLANT

മുതലായവ ഉൾപ്പെടെ ഉള്ളതാണ്. ഇ.എസ്.ഐ അടച്ചതിന്റെ രേഖകൾ ഹാജരാക്കാത്തപക്ഷം താങ്കളുടെ പക്കൽ നിന്നും ഇ.എസ്.ഐ പിടിക്കുന്നതായിരിക്കും.

15) ആലപ്പുഴ ജില്ലയിലെ നിലവിലുള്ള ഇന്ധന വില നിരക്കിൽ (ഡീസ്സൽ/പെടോൾ ലിറ്ററിന്) നിന്നും ഇന്ധനവില കൂടുകയോ, കുറയുകയോ ചെയതാൽ 1 രൂപ വില വ്യത്യാസത്തിന് 8 പൈസ എന്ന നിരക്കിൽ ആനുപാതികമായി ഇപ്പോൾ അംഗീകരിക്കപ്പെടുന്ന വാടക നിരക്കിൽ വ്യത്യാസം വരുത്തുന്നതാണ്. കൂടാതെ 1 രൂപ വിലവ്യത്യാസം കൃത്യമായി വന്നെങ്കിൽ മാത്രമേ നിരക്കിൽ വ്യത്യാസപ്പെടുത്തി പ്രതിഫലം അനുവദിക്കുകയുള്ളൂ. നിലവിൽ January 2024 ആലപ്പുഴ ജില്ലയിലെ ഡീസൽ തുക 96.69 ഉം പെട്രോൾ തുക 107.77 ഉം ആണ്. അതു പോലെ ഒരു കലണ്ടർ മാസം ഇടയക്ക് ഇന്ധന വില നിരക്കിൽ വ്യത്യാസം വന്നാൽ, അതിനടുത്ത മാസം 1- ാം തീയതി മുതലുള്ള ഓട്ടങ്ങൾക്കു മാത്രമേ വാടക നിരക്കിൽ ആനുപാതിക വ്യത്യാസം അനുവദിക്കുകയുള്ളു. വാഹനം ഓടിക്കുന്നതിനാവശ്യമായ ഇന്ധനം (ഡീസൽ/പെട്രോൾ, ഇലക്ട്രിക് (ബാറ്ററി)) തുടങ്ങിയവ വാഹന ഉടമസ്ഥൻ സ്വന്തം ചെലവിൽ വാങ്ങി ഉപയോഗിക്കേണ്ടതാണ്. ഇലക്ട്രിക് (ബാറ്ററി) യാണ് ഉപയോഗിക്കുന്നതെങ്കിൽ ഒരു വർഷത്തേക്ക് താങ്കൾ രേഖപ്പെടുത്തുന്ന തുകയിൽ മാറ്റമുണ്ടായിരിക്കുന്നതല്ല.

16) ക്വട്ടേഷനിൽ പങ്കെടുക്കുന്നതിന് നിരതദ്രവ്യമായി 2500/-രൂപ ഈ ഓഫീസിൽ അടച്ച് അതിൻെറ രസീത് ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. ടി രസീതുകൾ അടക്കം ചെയ്യാതെ ലഭിക്കുന്ന ക്വട്ടേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.. പൂരിപ്പിച്ച അപേക്ഷാഫോറം, നിരതദ്രവ്യമൊടുക്കിയ രസീത്, വാഹനത്തിന്റെ ആർ.സി. ബുക്ക്, Adhaar, PAN & Bank Passbook എന്നിവയുടെ ഫോട്ടോസ്റ്റാറ്റ് കോപ്പി അടങ്ങിയ ക്വട്ടേഷനുകൾ സീൽചെയ്ത കവറിൽ സമർപ്പിക്കേണ്ടതാണ്.

17)ക്വട്ടേഷൻ അംഗീകരിച്ച് ഉത്തരവു നൽകിയാൽ ഏഴു ദിവസത്തിനുള്ളിൽ 5,000/- രൂപ (അയ്യായിരം രൂപ മാത്രം) സെക്യരിറ്റി ഡെപ്പോസിറ്റായി ഈ ഓഫീസിൽ അടയ്ക്കേണ്ടതും 200/- രൂപ മുദ്രപത്രത്തിൽ കരാറെഴുതി ഒപ്പു വെയ്ക്കേണ്ടതുമാണ്. കരാറുകാരന്റെ സേവനം തൃപ്തികരമല്ലെങ്കിൽ ഏതുസമയത്തും കരാർ അവസാനിപ്പിക്കുന്നതും കൂടാതെ ഏതെങ്കിലും കാരണവശാൽ വാഹന ഉടമ കരാർ കാലാവധിക്കുമുമ്പ് കരാർ അവസാനിപ്പിക്കുകയോ ചെയ്താൽ സെക്യൂരിറ്റി തുക തിരിച്ചുനൽകുന്നതല്ല.

18)ഏതെങ്കിലും കാരണവശാൽ വാഹന ഉടമയ്ക്ക് സ്വന്തം പേരിലുള്ള വാഹനം നൽകുവാൻ സാധിക്കാത്തപക്ഷം (ക്വട്ടേഷൻ സ്ഥിരപ്പെടുത്തിയതിനുശേഷം) ടിയാൻ പകരം മേൽപറഞ്ഞ മോഡൽ കാറുകളിലുൾപ്പെട്ട വാഹനം ഏർപ്പെടുത്തേണ്ടതാണ്. വാഹന ഉടമയ്ക്ക് പകരം സംവിധാനം ഏർപ്പെടുത്തുവാൻ സാധിക്കാത്ത പക്ഷം ഫാക്ടറി പകരം വാഹനം ഏർപ്പെടുത്തുകയും ഈ തുക വാഹന ഉടമയുടെ ബില്ലിൽ നിന്ന് ഈടാക്കുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ കരാറുപിടിക്കുന്ന വ്യക്തിക്ക് ടി സമയത്തിനുള്ളിൽ സ്വന്തം പേരിലുള്ള വാഹനം എത്തിക്കാൻ സാധിച്ചില്ലെങ്കിൽ സെക്യൂരിറ്റി തുകയും അതുവരെയുള്ള വാടകയും ലഭിക്കില്ല എന്നു മാത്രമല്ല യാതൊരുവിധ അറിയിപ്പും കൂടാതെത്തന്നെ കരാർ അവസാനിപ്പിക്കുന്നതുമായിരിക്കും.

19) കരാറുകാരന്റെ സേവനം തൃപ്തികരമല്ലെങ്കിൽ ഏതുസമയത്തും കരാർ അവസാനിപ്പിക്കുന്നതും കൂടാതെ ഏതെങ്കിലും കാരണവശാൽ വാഹന ഉടമ കരാർ കാലാവധിക്കുമുമ്പ് കരാർ അവസാനിപ്പിക്കുകയോ ചെയ്താൽ സെക്യൂരിറ്റി തുക തിരിച്ചുനൽകുന്നതല്ല. കരാർ ലഭിച്ചിട്ട് ഏറ്റെടുക്കാത്തപക്ഷം നിരതദ്രവ്യമായ 4000/- രൂപ കണ്ടുകെട്ടുന്നതാണ് .

20) ഫാക്ടറിയിലെ ഉദ്യോഗസ്ഥന്റെ യാത്ര ഒരു ദിവസത്തിൽ അവസാനിക്കാതെ ഹാൾട്ട് ചെയ്യേണ്ടി വന്നാൽ ഒരു ദിവസത്തെ ഹാൾടിന് 300/– രൂപ നിരക്കിൽ ഡ്രൈവർക്ക് ലോഡ്ജിംഗ് അലവൻസ് നൽകുന്നതായിരിക്കും.

21) വാഹനം കേരളത്തിന് പുറത്ത് ഓടുന്നതിനുള്ള ടെമ്പററി പെർമിറ്റ് ചാർജ്ജായതിന്റെ രസീതിന്റെ പകർപ്പ് സമർപ്പിച്ചാൽ തുക തിരിച്ചുനൽകുന്നതായിരിക്കും.

22) ടോൾ തുകയുടെ റസീപ്റ്റ് അല്ലെങ്കിൽ സ്റ്റേറ്റ്മെന്റ് സമർപ്പിച്ചാൽ ഫാസ്ടാഗ് നിരക്കിൽ ടോൾ തുക തിരിച്ചുനൽകുന്നതാണ്.

23) വാഹനത്തിന്റെ പ്രവർത്തനം A/C, Interior തുടങ്ങിയവ മികച്ച രീതിയിലുള്ളതായിരിക്കണം. കരാർ തുടങ്ങുന്നതിന് മുമ്പായി ഈ കാര്യങ്ങൾ പരിശോധിക്കുന്നതായിരിക്കും. അവ ഉറപ്പാക്കിയതിനുശേഷം മാത്രമേ കരാർ നൽകുകയുള്ളൂ.

24) ആവശ്യമെന്നു കണ്ടാൽ ഈ കരാർ രണ്ടു മാസം വരെ നീട്ടിനൽകുന്നതിന് മാനേജർക്ക് അധികാരം ഉണ്ടായിരിക്കും. അപ്രകാരം കരാർ ദീർഘിപ്പിക്കുമ്പോൾ കരാറുകാരൻ ഒറിജിനൽ കരാറിന്റെ അതേ വ്യവസ്ഥയിലും തുകയിലും കരാർ തുടരാൻ ബാധ്യസ്ഥനായിരിക്കും.

25) കവറിനുള്ളിലായി സീൽ ചെയ്ത് കവറിന് പുറത്ത് **Quotation for Office Vehicle** എന്നും സമർപ്പിക്കുന്ന ആളിന്റെ അഡ്രസ്സും രേഖപ്പെടുത്തി ക്വട്ടേഷനുകൾ **06.03.2024 ബുധനാഴ്ച ഉച്ചകഴിഞ്ഞ് 3.00** മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം തന്നെ 3.30 മണിക്ക് തുറക്കുന്നതുമാണ്. ക്വട്ടേഷൻ നൽകുന്ന വ്യക്തിക്ക് ഈ സമയത്ത് ഹാജരാകാവുന്നതാണ്.

26) ഏത് ക്വട്ടേഷനും സ്വീകരിക്കുന്നതിനും നിരാകരിക്കുന്നതിനുമുള്ള അധികാരം മാനേജരിൽ നിക്ഷിപ്തമായിരിക്കും.

**മാനേജർ**

**2024-25 ട്രാൻസ്പോർട്ട് ക്വട്ടേഷൻ സമർപ്പിക്കുന്നതിനുള്ള അപേക്ഷ**

1) ക്വട്ടേഷൻ സമർപ്പിക്കുന്ന ആളുടെ പേര് :

2) മേൽ വിലാസവും ഫോൺ നമ്പരും :

3) EMD അടച്ച രസീത് നമ്പർ/തീയതി :

4) വാഹന ഉടമയുടെ പേര്. :

5) വാഹനത്തിന്റെ രജിസട്രേഷൻ നമ്പർ :

6) ടാക്സി പെർമിറ്റ് നമ്പർ :

7) ഇൻഷുറൻസ് പോളിസി നമ്പർ :

8) വാഹനത്തിൽ ഉപയോഗിക്കുന്ന ഇന്ധനം : ഡീസൽ/പെട്രോൾ/ഇലക്ട്രിക് (ബാറ്ററി)

9) ക്വട്ടേഷൻ സമർപ്പിക്കുന്ന ആളും വാഹന ഉടമയും ഒരാളു തന്നെയാണോ : അതെ/അല്ല

10) അല്ലെങ്കിൽ വാഹന ഉടമയുടെ സമ്മത പത്രം ഇതോടൊപ്പം സമർപ്പിച്ചിട്ടുണ്ടോ : ഉണ്ട്/ ഇല്ല
(സമ്മത പത്രം ഇല്ലാതെയുള്ള അപേക്ഷ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.)

11) കിലോമീറ്റർ ഒന്നിനുള്ള നിരക്ക് :
(എല്ലാം ചെലവുകളും ഉൾപ്പടെ)

വിശ്വസ്തതയോടെ

ഒപ്പ് :

പേര് :

സ്ഥലം :

തീയതി :

# സമ്മതപത്രം

എൻെറ ഉടമസ്ഥതയിലുള്ള.................................................................................
(വണ്ടിയുടെ മോഡൽ, രജിസ്ട്രേഷൻ നമ്പർ) എന്ന വാഹനം മിൽമയിൽ കരാറടിസ്ഥാനത്തിൽ ഓടുന്നതിന് സമ്മതമാണെന്ന് അറിയിച്ചുകൊള്ളുന്നു. ഇതിനായി ക്വട്ടേഷൻ

നൽകുന്നതിനും മറ്റ് കാര്യങ്ങൾക്കും.................................................................................

.................................................................................................
(പേരും മേൽവിലാസവും) ആളിനെ ചുമതലപ്പെടുത്തുന്നു.

എന്ന്,

വാഹന ഉടമയുടെ പേരും ഒപ്പും ..........................................................................

മേൽവിലാസം.................................................................................................

ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും..........................................................

മേൽവിലാസം......................................................................................